**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

അക്കാഡ്/SWC/11475/2021 സിവിൽ സ്റ്റേഷൻ പി.ഒ.,തീയതി: 10.08.2021

**<u>പ്രസിദ്ധീകരണത്തിന്</u>**

<u>ഏകജാലക സംവിധാനം വഴിയുള്ള ഒന്നാം വർഷ ബിരുദ പ്രവേശനം 2021-22</u>

കണ്ണൂർ സർവ്വകലാശാലയുടെ Govt./Aided/Self Financing അഫിലിയേറ്റഡ് കോളേജുകളിലെ യു.ജി കോഴ്സുകളിലേക്ക് 2021-22 അധ്യയന വർഷത്തെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

General/Reservation/Community/Management/sports quota ഉൾപ്പെടെയുള്ള സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 10 ആഗസ്റ്റ് 2021, 5.P.M മുതൽ ആരംഭിക്കുന്നതും 31 ആഗസ്റ്റ് 2021 ന അവസാനിക്കുന്നതുമാണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മ്യൂണിറ്റി, മാനേജ്മെൻറ്, സ്പോർട്സ് എന്നീ ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും ആവശ്യമായ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ <u>പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.</u>

**സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ ഫീസ് നിരക്ക് സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്.**

വെയ്റ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. കോളേജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ദൂരം, ഹോസ്റ്റൽ സൗകര്യം മുതലായവ) അതാത് കോളേജുകളുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അത് പരിശോധിച്ചതിനുശേഷം മാത്രം കോളേജുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

**<u>ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെൻറ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നു വരുന്ന അലോട്ട്മെൻറിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും കോഴ്സുകളും മാത്രം തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>**

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിൻറൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിൻറൗട്ടും ഫീസടച്ചതിൻറെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 420/- രൂപയാണ്.(എസ്.സി,എസ്.ടി വിഭാഗത്തിന് 250/-)**

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും **SBI e-pay** മുഖാന്തിരം അടക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.ഡി, ചെക്ക്, മറ്റു ചലാനുകൾ തുടങ്ങിയവ സ്വീകരിക്കുന്നതല്ല. ഫീസ് അടച്ച ചലാൻ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

അലോട്ട്മെൻറ് തീയ്യതി, കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ട തീയ്യതി തുടങ്ങിയവ അതാതു

സമയങ്ങളിൽ സർവകലാശാല വെബ്സൈറ്റിലൂടേയും പത്രക്കുറിപ്പിലൂടേയും അറിയിക്കുന്നതാണ്.

**അന്വേഷണങ്ങൾ ഫോൺ/ഇ-മെയിൽ മുഖാന്തിരം മാത്രം**

ഹെൽപ്പ് ലൈൻ നമ്പർ : 0497 - 2715261, 7356948230

Website : www.admission.kannuruniversity.ac.in

e-mail id : ugsws@kannuruniv.ac.in

<u>പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രം ബന്ധപ്പെടുക</u>

ഒപ്പ്/-

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.P.R.O
2.Web Manager
3 .IT Cell
4.Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫിസർ